# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഫെബ്രുവരി 6

## വാർത്താക്കുറിപ്പ് 1

---

## ജിജ്ഞാസ ശാസ്ത്രജ്ഞയാക്കി:

## പ്രഫ. അദ ഇ. യോനാത്

### – 'കേരളം ശാസ്ത്രത്തോട് ആഭിമുഖ്യമുള്ള നാട്'

അറിയാനുള്ള ആഗ്രഹമാണ് തന്നെ ശാസ്ത്രജ്ഞയാക്കിയതെന്ന് നൊബേൽ സമ്മാന ജേതാവ് പ്രൊഫ. അദ ഇ . യോനാത്. കോട്ടയം പ്രസ് ക്ലബ്ബും മഹാത്മാഗാന്ധി സർവകലാശാലയും ചേർന്ന് പ്രസ്ക്ലബിൽ നടത്തിയ സംവാദപരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ.

ജിജ്ഞാസയാണ് ശാസ്ത്രജ്ഞരെ കണ്ടുപിടുത്തങ്ങളി ലേക്ക് നയിക്കുന്നത് . എന്നിലുള്ള ജിജ്ഞാസയാണ് കണ്ടുപിടുത്തങ്ങളിലേക്ക് നയിക്കാൻ പ്രചോദനമേകിയത് . റേഡിയോ ആക്ടീവ് മൂലകമായ റേഡിയം കണ്ടുപിടിച്ച പോളിഷ് ശാസ്ത്രജ്ഞ മാഡം ക്യൂറി എറെ സ്വാധീനിച്ചിട്ടുണ്ടെന്നും അദ പറഞ്ഞു. രസതന്ത്രത്തിൽ ഇതുവരെ അഞ്ചുപേർക്കാണ് നോബൽ സമ്മാനം ലഭിച്ചിട്ടുള്ളതെന്നും ഇക്കാര്യത്തിൽ സ്ത്രീകളോട് വേർതിരിവുള്ളതായി തോന്നിയിട്ടുണ്ടോയെന്ന വിദ്യാർഥിയുടെ ചോദ്യത്തിന് നൊബേൽ കമ്മിറ്റി സ്ത്രീകൾ വേണ്ടെന്ന നിലപാടുള്ളവരല്ലെന്ന് അദ പറഞ്ഞു . സ്ത്രീകൾ ഗവേഷണ പ്രവർത്തനങ്ങളിലുണ്ട്. ചിലർ ആദരിക്കപ്പെടുന്നു എന്നാൽ ചിലർ അംഗീ കരിക്കപ്പെടുന്നില്ല. അത് പലകാരണങ്ങളാലാകാം. മനസിലുള്ളത് മുഴുവൻ ഒരു പ്രബന്ധം തയാറാക്കുമ്പോൾ തനിക്ക് എഴുതാൻ കഴിയാതെ പോകുന്നുണ്ട് . അതുപോലെ കണ്ടുപിടുത്തങ്ങൾ അവതരിപ്പിക്കാൻ കഴിയാതെ വരുന്നുണ്ടാകാമെന്നും അവർ പറഞ്ഞു . എന്നെക്കാൾ മികച്ച ശാസ്ത്രജ്ഞരുണ്ട് . അവർ ശ്രദ്ധിക്കപ്പെടുന്നില്ലായിരിക്കാമെന്നും അദ പറഞ്ഞു.

ഇസ്രയേലിലെ ആഭ്യന്തരസംഘർഷങ്ങൾ ഗവേഷണത്തെ ബാധിച്ചിട്ടുണ്ടോയെന്ന ചോദ്യത്തിന് താൻ ഗവേഷണപ്രവർത്തനങ്ങളിൽ മാത്രം ശ്രദ്ധകേന്ദ്രീകരിച്ചിരുന്നതിനാൽ മറ്റൊന്നും ബാധിച്ചില്ലെന്നായിരുന്നു പുഞ്ചിരിയോടെയുള്ള മറുപടി . ഇസ്രയേലിൽ സ്ത്രീ കൾക്ക് വിദ്യാഭ്യാസസൗകര്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് ചോദ്യത്തിനു മറുപടിയായി പറഞ്ഞു . റൈബസോമുകളുമായും പ്രോട്ടീനുകളുമായി ബന്ധപ്പെട്ട വിദ്യാർഥികളുടെ ചോദ്യങ്ങൾക്കും അദ മറുപടി നൽകി.

ശാസ്ത്രത്തോട് വളരെയേറെ ആഭിമുഖ്യവും സമർപ്പണവും പുലർത്തുന്ന സ് നേഹനിർഭരമായ നാടാണ് കേരളമെന്ന് അദ സൂചിപ്പിച്ചു . മുമ്പ് രണ്ടു തവണ കേരളം സന്ദർശിച്ചിട്ടുണ്ടെന്നും അവർ പറഞ്ഞു . വിദ്യാർഥികളും മാധ്യമപ്രവർത്തകരുമായി ഒരു മണിക്കൂറോളം സംവദിച്ച അദ വിദ്യാർഥികളോട് പ്രോട്ടീനുകളെക്കുറിച്ച് ചോദ്യങ്ങൾ ചോദിച്ചു.

പ്രസ്ക്ലബിനു വേണ്ടി പ്രസിഡന്റ് സാനു ജോർജ്ജ് തോമസ് അദ്ദേഹത്തിന് ഉപഹാരം നൽകി . മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ്, പ്രസ്ക്ലബ് സെക്രട്ടറി സനിൽ കുമാർ , സിൻഡിക്കേറ്റംഗം ഡോ . ആർ. പ്രഗാഷ്, പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ സന്നിഹിതരായിരുന്നു.

(പി.ആർ.ഒ./39/233/2019)

## പ്രൈവറ്റ് രജിസ്ട്രേഷൻ; അപേക്ഷിക്കാൻ അവസരം

മഹാത്മാഗാന്ധി സർവകലാശാലയിൽ 2018-19 അക്കാദമിക വർഷത്തെ ബിരുദ /ബിരുദാനന്തര കോഴ്സുകളുടെ പ്രൈവറ്റ് രജിസ്ട്രേഷന് 3000 രൂപ സൂപ്പർ ഫൈനോടെ അപേക്ഷിക്കാൻ അവസരം . ബിരുദ/ബിരുദാനന്തര ഫുൾ കോഴ് സുകൾക്ക് ഓൺലൈനായും ഫുൾ കോഴ് സ് ഇതര കോഴ് സുകൾക്ക് ഓഫ്‌ലൈനായും ഫെബ്രുവരി 12 മുതൽ 14 വരെ അപേക്ഷിക്കാം . അപേക്ഷയും അനുബന്ധ രേഖകളും ഫെബ്രുവരി 16നകം പ്രൈവറ്റ് രജിസ് ട്രേഷൻ വിഭാഗത്തി ലെ ഏട്ടാം നമ്പർ മുറിയിൽ എത്തിക്കണം . വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ. ഫോൺ: 0481 2733365, 2733455, 2733427, 2731020.

(ഈ വാർത്ത സ്റ്റേറ്റ് എഡിഷനിൽ നൽകണമെന്ന് താത്പര്യപ്പെടുന്നു. പ്രൈവറ്റ് രജിസ്ട്രേഷന് കോഴിക്കോട്, തിരുവനന്തപുരം, മലപ്പുറം എന്നിവിടങ്ങളിൽനിന്നടക്കം എൻക്വയറിയുണ്ടായിരുന്നു.)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560
ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 ഫെബ്രുവരി 6

# വാർത്താക്കുറിപ്പ് 2

---

## പരീക്ഷാഫലം

സ്‌കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസ സിൽ 2018 ജൂണിൽ നടത്തിയ പി .എച്ച്ഡി. കോഴ്സ് വർക്ക് (എഡ്യൂക്കേഷൻ സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/235/2019)

സ്‌കൂൾ ഓഫ് കെമിക്കൽ സയൻസ സിൽ 2018 സെപ്റ്റംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ. കെമിസ്ട്രി (ഇനോർഗാനിക്, ഓർഗാനിക്, ഫിസിക്കൽ, പോളിമർ) സി.എസ്.എസ്. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/236/2019)

സ്‌കൂൾ ഓഫ് കെമിക്കൽ സയൻസസിൽ 2018 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ടെക്. പോളിമർ സയൻസ് ആന്റ് ടെക്നോളജി (സി.എസ്.എസ്.) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/237/2019)

## പ്രാക്ടിക്കൽ

2018 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം .എ. സിനിമ ആന്റ് ടെലിവിഷൻ , എം.എ. മൾട്ടീമീഡിയ, എം.എ. ആനിമേഷൻ, എം.എ. ഗ്രാഫിക് ഡിസൈൻ (സി.എസ്.എസ്-2017 അഡ്മിഷൻ റഗുലർ/2012 അഡ്മിഷൻ ഇംപ്രൂവ് മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 11ന് ആരംഭിക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/238/2019)

## പരീക്ഷ തീയതി

ആറാം സെമസ്റ്റർ യു .ജി സി.ബി.സി.എസ്.എസ് (2016 അഡ്മിഷൻ റഗുലർ/2013-15 അഡ്മിഷൻ റീ അപ്പിയറൻസ്) പരീക്ഷകൾ മാർച്ച് 12 ന് ആരംഭിക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/239/2019)

നാലാം സെമസ്റ്റർ യു .ജി. സി.ബി.സി.എസ്.എസ് (2013-16 അഡ്മിഷൻ റീ അപ്പിയറൻസ് ) പരീക്ഷകൾ മാർച്ച് 13 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/240/2019)

മൂന്ന്, നാല് സെമസ്റ്റർ എം .എ. പ്രൈവറ്റ് (2016 അഡ്മിഷൻ റഗുലർ , 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ അദാലത്ത്-സ്പെഷൽ മേഴ്സി ചാൻസ് 2018) പരീക്ഷ യഥാക്രമം ഫെബ്രുവരി 22 നും മാർച്ച് 11 നും ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/241/2019)

മൂന്ന്, നാല് സെമസ്റ്റർ രണ്ടാം വർഷ എം .കോം. പ്രൈവറ്റ് (2016 അഡ്മിഷൻ റഗുലർ, 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി /2012, 2013 അഡ്മിഷൻ അദാലത്ത്- സ്പെഷൽ മേഴ്സി ചാൻസ് 2018) പരീക്ഷ യഥാക്രമം ഫെബ്രുവരി 22 നും മാർച്ച് 11 നും ആരംഭിക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/242/2019)

മൂന്ന്, നാല് സെമസ്റ്റർ രണ്ടാംവർഷ എം.എസ് സി. പ്രൈവറ്റ് (2016 അഡ്മിഷൻ റഗുലർ , 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി /2012, 2013 അഡ്മിഷൻ അദാലത്ത്- സ്പെഷൽ മേഴ്സി ചാൻസ് 2018) പരീക്ഷ യഥാക്രമം ഫെബ്രുവരി 22നും മാർച്ച് 11 നും ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/243/2019)

## മൂല്യ നിർണ്ണയ ക്യാമ്പ്:

## ഉത്തരക്കടലാസ് കൈപ്പറ്റണം

2018 നവംബറിൽ നടന്ന ഒന്ന് , രണ്ട് സെമസ്റ്റർ ബിരുദ പ്രൈവറ്റ് പരീക്ഷകളുടെ ഉത്തരക്കടലാസുകൾ എട്ട് സോണൽ ക്യാമ്പുകളിൽ മൂല്യ നിർണ്ണയത്തിന് എത്തിച്ചു . പാലാ അൽഫോൺസാ കോളേജ്, കോട്ടയം ബി.സി.എം., ചങ്ങനാശ്ശേരി ക്രിസ്തുജ്യോതി കോളേജ്, ആലുവ യു.സി കോളേജ്, ലബ്ബക്കട ജെ.പി.എം കോളേജ്, തൃപ്പൂണിത്തുറ ചിൻമയ കോളേജ്, മൂവാറ്റുപുഴ നിർമല കോളേജ്, കോഴഞ്ചേരി സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിലെ ക്യാമ്പിൽ നിന്ന് അഡീഷണൽ എക്സാമിനർമാർ ഇന്നും നാളെയുമായി (ഫെബ്രുവരി ഏഴ്, എട്ട്) ഉത്തരക്കടലാസ് കൈപ്പറ്റണം.

ഫെബ്രുവരി 19ന് ക്യാമ്പിൽ തിരികെ ഏൽപ്പിക്കണം . അദ്ധ്യാപകരെ ക്യാമ്പിൽ അയയ്ക്കുന്നതിനുള്ള നിർദ്ദേശം കോളേജ് പ്രിൻസി പ്പൽമാർക്ക് ഇ-മെയിൽ മുഖേന നൽകിയിട്ടുണ്ട് . ചീഫ് എക് സാമിനർമാർ ഫെബ്രുവരി 20 ന് ഉത്തരക്കടലാസുകൾ കൈ പ്പറ്റി 27നകം ക്യാമ്പിൽ തിരികെ നൽകണം . വിശദ വിവരത്തിന് ഫോൺ: 9946447287.

(പി.ആർ.ഒ./39/244/2019)

## എം.ഫിൽ സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാലയിലെ പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക് സിൽ എം.ഫിൽ 2018-19 ബാച്ചിൽ പട്ടികജാതി വിഭാഗത്തിൽ രണ്ടൊഴിവുണ്ട് . അർഹരായവർ യോഗ്യത രേഖകളുടെ അസ്സൽ സഹിതം ഫെബ്രുവരി 15 ന് വൈകീട്ട് നാലിനകം ഓഫീസിൽ എത്തണം . വിശദ വിവരത്തിന് ഫോൺ : 0481 2731043.

(പി.ആർ.ഒ./39/245/2019)

## പൂർവ്വ വിദ്യാർത്ഥി സംഗമം

മഹാത്മാഗാന്ധി സർവ്വകലാശാല സ് കൂൾ ഓഫ് പ്യവർ ആന്റ് അപ്ലൈഡ് ഫിസിക് സിലെ പൂർവ്വ വിദ്യാർത്ഥി സംഗമം ഫെബ്രുവരി എട്ടിന് ഡിപ്പാർട്ട്മെന്റ് ഓഡിറ്റോറിയത്തിൽ നടക്കും . വിശദവിവരത്തിന് ഫോൺ: 0481 2731043.

(പി.ആർ.ഒ./39/246/2019)

**ഫോട്ടോകാപ്ഷൻ**

**കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നടത്തിയ കേരള ശാസ്ത്ര കോൺഗ്രസിൽ ബയോടെക്നോളജി വിഭാഗത്തിൽ മികച്ച പേപ്പറിനുള്ള അവാർഡ് നേടിയ മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബയോസയൻസസിലെ ഗവേഷക അശ്വതി ജയകുമാറും എൻജിനീയറിങ് ആൻഡ് ടെക്നോളജി വിഭാഗത്തിൽ അവാർഡ് നേടിയ നാനോസയൻസ് കേന്ദ്രത്തിലെ ഗവേഷകനായ അവിനാശ് ആർ. പൈയും.**

**ഫോട്ടോകാപ്ഷൻ**

**കോട്ടയം പ്രസ്ക്ലബ്ബും മഹാത്മാഗാന്ധി സർവകലാശാലയും ചേർന്ന് പ്രസ്ക്ലബിൽ നടത്തിയ സംവാദപരിപാടിയിൽ നൊബേൽ സമ്മാന ജേതാവ് പ്രൊഫ. അദ ഇ. യോനാത് സംസാരിക്കുന്നു. മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രസ്ക്ലബ് സെക്രട്ടറി സനിൽ കുമാർ, സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ്, പ്രസ്ക്ലബ് പ്രസിഡന്റ് സാനു ജോർജ്ജ് തോമസ് എന്നിവർ സമീപം.**

**കോട്ടയം പ്രസ്ക്ലബ്ബും മഹാത്മാഗാന്ധി സർവകലാശാലയും ചേർന്ന് പ്രസ്ക്ലബിൽ നടത്തിയ സംവാദപരിപാടിയിൽ നൊബേൽ സമ്മാന ജേതാവ് പ്രൊഫ. അദ ഇ. യോനാത് സംസാരിക്കുന്നു.**

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ